## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3910 — 31-01-2014 ലെ മറുപടിയ്ക്ക്

### തിരുവനന്തപുരം ജില്ലയിലെ കാരുണ്യ ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം താലൂക്കാശുപത്രി കളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത് ; | എ) | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ് ; ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര ; ജില്ലാ ആശുപത്രി, നെടുമങ്ങാട് ; ഫോർട്ട് ആശുപത്രി, തിരുവനന്തപുരം എന്നിവിടങ്ങളിലാണ് നിലവിൽ ഡയാലിസിസ് സെന്ററുകൾ അനുവദി ച്ചിട്ടുള്ളത്. |
| ബി) | കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുവാൻ താലൂക്ക് ആശുപത്രികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; | ബി) | ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിടം, ആവശ്യമായ ഡോക്ടർ, മറ്റ് സ്റ്റാഫുകൾ എന്നിവ ലഭ്യമാണെങ്കിൽ താലൂക്ക് ആശുപത്രികൾക്ക് ജില്ലാ മെഡിക്കൽ ആഫീസർ വഴി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷ സമർപ്പിക്കാ വുന്നതും സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| സി) | പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും കൂടുതലുള്ള മേഖലയിലെ ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | സി) | ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിടം, ആവശ്യമായ ഡോക്ടർ, മറ്റ് സ്റ്റാഫുകൾ എന്നിവ ലഭ്യമാണെങ്കിൽ ജില്ലാ മെഡിക്കൽ ആഫീസർ വഴി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷ നൽകുന്ന പക്ഷം, സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനത്തിനു വിധേയമായി ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ